LIBRARY ARCHIVES Kerala Legislative Assembly

14 ശാന്തിക്കാരുടെ സേവന-വേതന പരിഷ്ക്കരണം

ശ്രീമതി പി. അയിഷാ പോറ്റി : സർ, തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ ശാന്തിക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയിട്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. ഇത്രയുംകാലമായിട്ടും ഒരിക്കലും ഒരു പരിഹാരമുണ്ടാകാത്ത പ്രശ്നമാണ് ശാന്തിക്കാരുടെ പ്രശ്നം. വളരെ മേജർ ക്ഷേത്രങ്ങളിലൊഴികെയുള്ള എല്ലാ ശാന്തിക്കാർക്കും ജീവിക്കാൻ തന്നെ മാർഗ്ഗമില്ലാത്ത അവസ്ഥയാണ്. യഥാർത്ഥത്തിൽ ഏറ്റവും ഉയർന്ന ഗ്രേഡ് കൊടുക്കേണ്ട ആൾക്കാരാണ് അമ്പലങ്ങളിൽ ശാന്തി കഴിക്കുന്ന ശാന്തിക്കാർ. പക്ഷേ അവരുടെ ശമ്പള വ്യവസ്ഥയെല്ലാം ലാസ്റ്റ് ഗ്രേഡിനേക്കാൾ താഴെയാണ്. ഇത് മാറ്റിക്കൊണ്ട് അർഹമായിട്ടുള്ള അംഗീകാരം നൽകിക്കൊണ്ടും അവരുടെ ഗ്രേഡ് ഉയർത്തിക്കൊണ്ടും ആ അമ്പലം നിൽക്കുന്ന സ്ഥലത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായിട്ട് അംഗീകരിച്ചുകൊണ്ടും അത്തരത്തിൽ ശമ്പള വ്യവസ്ഥ നടപ്പിലാക്കിക്കൊണ്ടുമുള്ളൊരു പരിഹാരം ഇവർക്ക് ഉണ്ടാക്കിക്കൊടുക്കണം. പ്രതികരിക്കാൻ ഒരുപാട് ശേഷിയില്ലാതിരിക്കുന്ന ഇവരെ തീർച്ചയായിട്ടും നല്ല അംഗീകാരം കൊടുത്തുകൊണ്ട് തന്നെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ദേവസ്വവും അച്ചടിയും, സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി അയിഷാ പോറ്റി ഇവിടെ ചൂണ്ടിക്കാണിച്ചത് പരിഹാരം കാണേണ്ട വളരെ പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന ശാന്തിക്കാരുടെ വേതനം ഇതര ജീവനക്കാരുടെ വേതന പരിഷ്ക്കാരത്തോടൊപ്പം പരിഷ്ക്കരിക്കുന്നതുൾപ്പെടെ ശാന്തിക്കാരുടെ ഗ്രേഡ് ഉയർത്തുന്നതടക്കമുള്ള ആവശ്യങ്ങൾ ദേവസ്വം ബോർഡിന്റെ പരിശോധനയിലാണ്, ഇക്കാര്യം കമ്മീഷനെ അറിയിച്ചിട്ടുമുണ്ട്. ഇതര ജീവനക്കാരുടേതുപോലെ 8, 16, 25 എന്നീ വർഷങ്ങളിൽ ഫുൾടൈം ശാന്തിക്കാർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഗ്രേഡ് നൽകി വരുന്നുണ്ട്. കൂടാതെ ശാന്തിക്കാർക്ക് മാത്രമായി വർഷാവർഷം വസ്ത്ര അലവൻസും നൽകുന്നുണ്ട്. കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ശാന്തിക്കാർ ഉൾപ്പെടെയുള്ള എല്ലാ ക്ഷേത്ര ജീവനക്കാർക്കും എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ക്ലാസ് ഫോർ ജീവനക്കാരുടെ ശമ്പള സർവ്വീസ് ദൈർഘ്യം കണക്കെടുക്കുമ്പോൾ ലഭ്യമാകുന്ന രീതിയിൽ എ, ബി, സി എന്ന് ഗ്രേഡ് കണക്കാക്കി അനുവദിച്ചിട്ടുമുണ്ട്. കൊച്ചി ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവും സേവന-വേതന വ്യവസ്ഥകളും അവസാനമായി

2007-ലാണ് ബോർഡ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ഇപ്പോൾ വീണ്ടും ഒരു ശമ്പള പരിഷ്ക്കരണം ദേവസ്വം ബോർഡിന്റെ പരിഗണനയിലില്ല. ബഹുമാനപ്പെട്ട എം. എൽ. എ. ചൂണ്ടിക്കാണിച്ച ശാന്തിക്കാരുടെ ജീവിത സാഹചര്യങ്ങൾ പ്രത്യേകം കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ഉദാരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

V. റിപ്പോർട്ട് സമർപ്പണം

(1) മുഖ്യമന്ത്രിക്കുവേണ്ടി നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ചെയർമാനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർപേഴ്സണായ ഞാൻ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ, 2010-നെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർമാനുവേണ്ടി 2010-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

(4) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ക്രമപ്രശ്നം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ആ സബ്ജക്ട് കമ്മിറ്റിയിലെ ചെയർമാൻ ഇല്ലെങ്കിൽ അത് ഒരു മെമ്പർ അവതരിപ്പിക്കണമെന്ന് റൂളിൽ പ്രത്യേകം പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ അംഗമാണെങ്കിൽ എനിക്ക് ഒബ്ജക്ഷനില്ല അതല്ലെങ്കിൽ ഇത് ഓർഡറിലല്ല, അതിന് റൂളിംഗ് വേണം.

LIBRARY ARCHIVES Kerala Legislative Assembly